ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:13.01.2025**

## പ്രധാനവാർത്തകൾ

1). **പി.വി. അൻവർ നിലമ്പൂർ എം.എൽ.എ. സ്ഥാനം രാജിവച്ചു. നിയമസഭാ സ്പീക്കർ എ.എൻ.ഷംസീറിന് അദ്ദേഹം രാജിക്കത്ത് കൈമാറി.**

2). **സ്ത്രീകളുടെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന പ്രവർത്തികളിൽ സർക്കാർ കർശന നിലപാടാണ് സ്വീകരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3). **മകരവിളക്കിനൊരുങ്ങി ശബരില ; പമ്പാ സദ്യ ആരംഭിച്ചു. പമ്പ വിളക്ക് ഇന്ന് വൈകിട്ട്.**

4). **തൈപ്പൊങ്കൽ പ്രമാണിച്ച് തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ആറ് ജില്ലകൾക്ക് നാളെ അവധി പ്രഖ്യാപിച്ചു.**

5). **കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് ഇന്ന് സമാപിക്കും.**

6). **ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സ് , ഒഡീഷ എഫ്സിയെ നേരിടും.**

RNU TVPM

==========================================

**<u>പി.വി അൻവർ - (ഇൻട്രോ)</u>**

പി.വി. അൻവർ നിലമ്പൂർ എം.എൽ.എ. സ്ഥാനം രാജിവച്ചു. നിയമസഭാ സ്പീക്കർ എ.എൻ.ഷംസീറിന് അദ്ദേഹം രാജിക്കത്ത് കൈമാറി. കാലാവധി തീരാൻ ഒന്നര വർഷം ശേഷിക്കെയാണ് രാജി. തൃണമൂൽ കോൺഗ്രസിൽ പ്രവർത്തിക്കുമെന്നും യുഡിഎഫിനായി രംഗത്തിറങ്ങുമെന്നും പി വി അൻവർ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**<u>(വോയിസ്.............................)</u>**

==========================================

**<u>എം.വി ഗോവിന്ദൻ-പി.വി അൻവർ</u>**

പി വി അൻവറിൻറെ പാർട്ടി മാറ്റം ഒരു രാഷ്ട്രീയ ചലനവും കേരളത്തിൽ ഉണ്ടാക്കില്ലെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞു. വാചക കസർത്ത് കൊണ്ടൊന്നും കാര്യമില്ല. അൻവർ ഒടുവിൽ ചേരുക യുഡിഎഫിൽ തന്നെയാകുമെന്നും എം വി ഗോവിന്ദൻ കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

==========================================

**<u>പ്രതികരണം</u>**

യുഡിഎഫിന് നിരുപാതിക പിന്തുണ നല്കാനുള്ള പി വി അൻവറിൻറെ തീരുമാനം സ്വാഗതാർഹമാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പ്രതികരിച്ചു.നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പ് വന്നാൽ സ്ഥാനാർഥിയെ കോൺഗ്രസ് എല്ലാവരുമായി കൂടിയാലോചിച്ച് തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു. നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് യുഡിഎഫ് സജ്ജമാണെന്ന് മുസ്ലീം ലീഗ് നേതാവ് പി കെ കുഞ്ഞാലിക്കുട്ടി മാധ്യമങ്ങളോട് പ്രതികരിച്ചു.

==========================================

**മുഖ്യമന്ത്രി -സുരക്ഷ**

സ്ത്രീകളുടെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന പ്രവര്‍ത്തികളില്‍ സര്‍ക്കാര്‍ കര്‍ശന നിലപാടാണ് സ്വീകരിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയന്‍. സിപിഐഎം ആലപ്പുഴ ജില്ലാ സമ്മേളനത്തിന്‍റെ സമാപന സമ്മേളനത്തില്‍ സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുയിടങ്ങളില്‍ സ്ത്രീകള്‍ സുരക്ഷിതരായിരിക്കണം. ഇതിനെതിരായ നീക്കം ആരുടെ ഭാഗത്ത് നിന്നുണ്ടായാലും കര്‍ശനമായി നേരിടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

==========================================

**പത്തനംതിട്ട - (ഇന്‍ട്രോ)**

മകരവിളക്കിനൊരുങ്ങി ശബരിമല സന്നിധാനവും പരിസര പ്രദേശങ്ങളും. പമ്പാ സദ്യ ആരംഭിച്ചു. പമ്പ വിളക്ക് ഇന്നു വൈകിട്ട്.

**കൂടുതല്‍ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധര്‍...**

**(വോയിസ്........)**

RNUTVPM

==========================================

**ഇടുക്കി ജില്ലാ കളക്ടര്‍**

മകരജ്യോതി ദര്‍ശിച്ചശേഷം പുല്ലുമേട് നിന്നും സന്നിധാനത്തേക്ക് തീര്‍ത്ഥാടകരെ കടത്തിവിടില്ലെന്ന് ഇടുക്കി ജില്ലാ കളക്ടര്‍ വി വിഘ്നേശ്വരി അറിയിച്ചു. വന്യമൃഗങ്ങളുടെ സഞ്ചാരപാതയില്‍ രാത്രിയാത്ര അനുവദിക്കില്ല. തീര്‍ത്ഥാടകര്‍ പുല്ലുമേട്ടില്‍ മകരവിളക്ക് ദര്‍ശിച്ച ശേഷം തിരികെ സത്രത്തിലേക്ക് മടങ്ങണം.

==========================================

**<u>റൺവേ - നവീകരണ പദ്ധതി</u>**

തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേയുടെ നവീകരണ പ്രവർത്തികൾ നടക്കുന്നതിനാൽ നാളെ മുതൽ പകൽ സമയം റൺവേ അടച്ചിടും. രാവിലെ 9 മുതൽ വൈകിട്ട് 6 വരെയാണ് റൺവേ അടച്ചിടുക.

==========================================

**<u>വയനാട് കടുവ</u>**

വയനാട് പുൽപ്പള്ളി അമരക്കുനിക്കും ദേവർഗദ്ദയ്ക്കും സമീപം വീണ്ടും കടുവയിറങ്ങിയതോടെ പ്രദേശത്ത് ജാഗ്രത തുടരുന്നു.

വനംവകുപ്പ് തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. കാപ്പി സെറ്റ്, തൂപ്ര, അമരക്കുനി പ്രദേശത്തെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദേശിച്ചു. സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചു.

==========================================

**<u>ബ്രേക്ക്.......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================

**<u>തൈപ്പൊങ്കൽ-അവധി</u>**

തൈപ്പൊങ്കൽ പ്രമാണിച്ച് സംസ്ഥാനത്തെ ആറ് ജില്ലകൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, വയനാട് ജില്ലകൾക്കാണ് അവധി.

തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ജില്ലകൾക്കാണ് അവധി പ്രഖ്യാപിച്ചിരിക്കുന്നത്.

==========================================

**<u>ഇടുക്കി പൊങ്കൽ - (ഇൻട്രോ)</u>**

തമിഴ്നാട്ടിലെ കാർഷിക ഉത്സവമായ പൊങ്കൽ ആഘോഷങ്ങൾക്ക് തുടക്കമായി. മകര മാസം ഒന്നാം തീയതിയായ നാളെയാണ് തൈപ്പൊങ്കൽ.

RNUTVPM

**വിശദാംശങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**
**(വോയിസ്............)**

==========================================

**<u>ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്</u>**

കുസാറ്റിൽ നാളെയും മറ്റന്നാളും നടക്കുന്ന ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംസ്ഥാനത്തിൻറെ ഉന്നത വിദ്യാഭ്യാസ രംഗത്തെ നാഴികക്കല്ലായി മാറുമെന്ന് മന്ത്രി
ആർ ബിന്ദു പറഞ്ഞു. കോൺക്ലേവിന് മുന്നോടിയായി
സംഘടിപ്പിച്ച ശില്പശാല കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും.

==========================================

**<u>നിയമസഭ പുസ്തകോത്സവം - (ഇൻട്രോ)</u>**

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിൻറെ മൂന്നാം പതിപ്പ് ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും.
സമാപന സമ്മേളനം ചലച്ചിത്ര താരം പ്രകാശ് രാജ് ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം**
**ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**
**(വോയിസ്.........)**

==========================================

**<u>തിരുവൈരാണിക്കുളം</u>**

തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രത്തിലെ
നടതുറപ്പുത്സവത്തിന് തുടക്കമായി.പുലർച്ചെ 4 മുതൽ പകൽ 1.30 വരെയും, 2 മണിമുതൽ രാത്രി ഒൻപത് മണിവരെയാണ് ദർശനം. മഹോത്സവം ഈ മാസം 23-ന് സമാപിക്കും.

==========================================

PNU TVPM

**മഹാകുംഭ്**

12 വർഷത്തിൽ ഒരിക്കൽ നടക്കുന്ന മഹാ കുംഭമേളക്ക് യു.പിയിലെ പ്രയാഗ്‌രാജിൽ ഇന്ന് തുടക്കമായി. ത്രിവേണി സംഗമത്തിൽ അമൃത് സ്നാനത്തോടെയാണ് കുംഭമേള ആരംഭിച്ചത്. ഫെബ്രുവരി 26-ന് മഹാശിവരാത്രി ദിനത്തിൽ കുംഭമേള സമാപിക്കും.

========================================

**ഐ.എസ്.എൽ**

ഐ എസ് എൽ ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി, ഒഡീഷ എഫ്സിയെ നേരിടും. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി 07:30 നാണ് മത്സരം.

========================================

**അത് ലറ്റിക് മീറ്റ്**

ആരോഗ്യ സർവകലാശാല അത് ലറ്റിക് മീറ്റിൽ കോഴിക്കോട് ഗവൺമെൻറ് മെഡിക്കൽകോളേജ് ചാമ്പ്യൻമാരായി. ആലപ്പുഴ ഗവൺമെൻറ് ടി.ഡി മെഡിക്കൽകോളേജ് രണ്ടാം സ്ഥാനവും മലബാർ മെഡിക്കൽ കോളേജ് മൂന്നാം സ്ഥാനവും നേടി.

RNU TVPM

========================================

**വോളിബോൾ ചാമ്പ്യൻഷിപ്പ്**

ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിൻറെ പുരുഷ-വനിതാ ടീമുകൾ ഫൈനലിൽ. സർവീസസാണ് പുരുഷടീമിൻറെ എതിരാളി. വനിതകൾ റെയിൽവേസുമായി ഏറ്റുമുട്ടും.

========================================

**ദുരൂഹ സമാധി**

നെയ്യാറ്റിൻകര ആറാംമൂട് സ്വദേശി ഗോപൻ സ്വാമിയെ കാണാനില്ലെന്ന ചില പ്രദേശവാസികളുടെ പരാതിയിൽ അദ്ദേഹത്തിൻറെ വീട്ടിലെ കല്ലറ പൊളിച്ച് പരിശോധിക്കാൻ ജില്ലാ

കളക്ടർ ഉത്തരവിട്ടു. സബ് കളക്ടറുടെ മേൽനോട്ടത്തിലായിരിക്കും പരിശോധന. പൊലീസ് സ്ഥലത്ത് എത്തി. എന്നാൽ പ്രതിഷേധവുമായി കുടുംബം രംഗത്ത് എത്തിയിട്ടുണ്ട്.

========================================

**പത്തനംതിട്ട -കേസ്**

പത്തനംതിട്ടയിൽ വിദ്യാർത്ഥിനി തുടർച്ചയായ ലൈംഗിക പീഡനത്തിന് ഇരയായ സംഭവത്തിൽ കൂടുതൽ കേസുകളെടുത്ത് പോലീസ്. തിരുവനന്തപുരം റേഞ്ച് ഡി ഐ ജി അജിതാ ബീഗത്തിൻറെ മേൽനോട്ടത്തിലും ജില്ലാ പോലീസ് മേധാവി വി ജി വിനോദ് കുമാറിൻറെ നേതൃത്വത്തിലുമായിരിക്കും കേസുകൾ അന്വേഷിക്കുക. പെൺകുട്ടിയെ ബാലവകാശ കമ്മീഷൻ സന്ദർശിച്ചു.

========================================

PRIU TVPM

**മഴ - സംസ്ഥാനം**

കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ വ്യാഴാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

========================================

**ഗാന്ധിജി -അയ്യങ്കാളി കൂടിക്കാഴ്ച**

ഗാന്ധിജി-അയ്യങ്കാളി കൂടിക്കാഴ്ചയ്ക്കും ഗാന്ധിജിയുടെ വെങ്ങാനൂർ പ്രസംഗത്തിനും നാളെ 88 വർഷം തികയും. 1937 ജനുവരി 14-നായിരുന്നു ചരിത്രത്തിൽ ഇടം നേടിയ കൂടിക്കാഴ്ച.

========================================

## **സ്പോർട്സ് സ്കൂൾ**

തിരുവനന്തപുരം ജി.വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലേക്കും, സ്പോർട്സ് ഹോസ്റ്റലുകൾ, സ്കൂൾ അക്കാദമികൾ എന്നിവിടങ്ങളിലേക്കുമുള്ള അധ്യയനവർഷത്തെ ആദ്യഘട്ട സെലക്ഷൻ ഈ മാസം 18 മുതൽ നടക്കും. 6, 7, 8, പ്ലസ് വൺ ക്ലാസ്സുകളിലേക്ക് നേരിട്ടും 9, 10 ക്ലാസുകളിലേക്ക് ഒഴിവുള്ള സീറ്റുകളിലേക്ക് ലാറ്ററൽ എൻട്രിയിലൂടെയും ആയിരിക്കും സെലക്ഷൻ.

====================

============================

===========================================

RNU TVPM